# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3439</u>  <u>14-03-2018 – ൽ മറുപടിയ്ക്ക്</u>

## <u>പമ്പുകളിലെ ഇന്ധനത്തിന്റെ അളവിൽ ക്രമക്കേട്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. എം. ഉമ്മർ**<br>**" ടി. വി. ഇബ്രാഹിം**<br>**" പി. കെ. അബ്ദു റബ്ബ്**<br>**" കെ. എം. ഷാജി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) പെട്രോൾ പമ്പുകളിൽ നിന്ന് ലഭിക്കുന്ന ഇന്ധനത്തിന്റെ അളവുകളിൽ ക്രമക്കേട് നടത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പരിശോധിച്ചിട്ടുണ്ട്. അളവിൽ വ്യത്യാസം കണ്ടെത്തുന്ന ഡിസ്പെൻസിംഗ് യൂണിറ്റുകൾ ഉപയോഗം നിർത്തി വച്ച് പുനപരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം മാത്രം ഉപയോഗിക്കുവാൻ അനുവദിക്കുന്നു. |
| (ബി) പെട്രോൾ പമ്പുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ ഇടപെടൽ കാര്യക്ഷമമാക്കാൻ കഴിയാത്തതുമൂലം ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) ലീഗൽ മെട്രോളജി വകുപ്പ് ഈ വിഷയത്തിൽ കാര്യക്ഷമമായി ഇടപെടുന്നുണ്ട്. |
| (സി) പെട്രോൾ പമ്പുകൾക്ക് എൻ.ഒ.സി നൽകുമ്പോൾ ലീഗൽ മെട്രോളജി വകുപ്പിന്റെ ഇടപെടൽ കൂടി ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) നിലവിൽ പെട്രോൾ പമ്പുകൾ തുടങ്ങുവാനുള്ള എൻ.ഒ.സി ലീഗൽ മെട്രോളജി വകുപ്പ് നൽകുന്നില്ല. ഫ്യുവൽ ഡിസ്പെൻസറുകൾ പരിശോധിച്ച് സത്യാപന സർട്ടിഫിക്കറ്റ് (verification certificate) നൽകുകയാണ് ലീഗൽ മെട്രോളജി വകുപ്പ് ചെയ്യുന്നത്. ആയതിന് ഭേദഗതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ